# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2379 11/10/2011-ൽ മറുപടിക്ക്

## സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി.യിൽ നിന്നും വേർപെടുത്തി സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ എന്ന പേരിൽ ഒരു സ്വയംഭരണ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും ഈ നടപടികൾ ആരംഭിച്ചത് എന്നുമുതലാണെന്നും വ്യക്തമാക്കാമോ? | ബി) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ സ്ഥാപിച്ചുകൊണ്ടുള്ള ഉത്തരവിൽ തന്നെ ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടിയിൽ നിന്നും ക്രമേണ വേർപ്പെടുത്തി ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു ഇതിന്റെ അടിസ്ഥാനത്തിൽ ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ഡോ. അച്ച്യുതന്റെ നേതൃത്ത്വത്തിലുള്ള കമ്മിറ്റി ഓപ്പൺ സ്കൂളിനെ പുന:സംഘടിപ്പിച്ച് State Council for Open and Life long Education , Kerala (SCOLE- Kerala) എന്ന പേരിൽ ഒരു സ്വതന്ത്ര സ്വയംഭരണ സ്ഥാപനമാക്കി പരിഷ്ക്കരി ക്കുന്നതിന് ശുപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിയമിച്ച സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് ഇക്കാര്യത്തിനായുള്ള മെമ്മോറാണ്ടം ഓഫ് |

(......2)

അസോസിയേഷനും ചട്ടങ്ങളും
അംഗീകരിച്ചു കൊണ്ട് സർക്കാർ
ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
28.12.2007 മുതലാണ് ഇതു
സംബന്ധിച്ച നടപികൾ
ആരംഭിച്ചത്.

സെക്ഷൻ ഓഫീസർ